**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6247** **10-11-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളിൽ നിന്നും മാറ്റി പൈപ്പുകൾ സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് നിരത്തുകളിലുള്ള വാട്ടർ അതോറിറ്റിയുടെ ജലവിതരണക്കുഴലുകൾ തകരാറിലാകുന്നതിനാൽ ബി.എം.&ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുള്ള റോഡുകളിൽ പോലും കാലാവധിക്കുമുൻപ് ഗർത്തങ്ങൾ രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണക്കുഴലുകൾ തകരാറിലാകുന്നതിനാൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഗർത്തങ്ങൾ രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരന്തരം തകരാറിലാകുന്ന പൈപ്പുകൾ റോഡുകളിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിനും റോഡുകൾ പുനസ്ഥാപിക്കുന്നതിനും ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കു ന്നതും, അനുമതി ലഭ്യമാക്കുന്നതും "റൈറ്റ് ഓഫ് വേ" (ROW)എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനാൽ വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കു ന്നതിനും സാധിക്കുന്നതാണ്. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി ജില്ലാ കളക്ടർ അധ്യക്ഷനായും പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും മറ്റു വകുപ്പുകളുടെ പ്രതിനിധികൾ അംഗങ്ങളായും ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ കോ- ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും എല്ലാ മാസവും പ്രവൃത്തി അവലോകനം നടത്തുകയും ചെയ്യുന്നു. |
| (ബി) | നിലവിലുള്ള പൈപ്പുകൾ റോഡുകളിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിനും റോഡുകൾ പുനഃസ്ഥാപിക്കുന്നതിനും ജലവിഭവ വകുപ്പുമായി | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണക്കുഴലുകൾ തകരാറിലാകുന്നതിനാൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഗർത്തങ്ങൾ രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരന്തരം |

| | | | |
|---|---|---|---|
| | ചേർന്ന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | തകരാറിലാകുന്ന പൈപ്പുകൾ റോഡുകളിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിനും റോഡുകൾ പുനസ്ഥാപിക്കുന്നതിനും ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കു ന്നതും, അനുമതി ലഭ്യമാക്കുന്നതും "റൈറ്റ് ഓഫ് വേ" (ROW)എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനാൽ വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കു ന്നതിനും സാധിക്കുന്നതാണ്. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി ജില്ലാ കളക്ടർ അധ്യക്ഷനായും പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും മറ്റു വകുപ്പുകളുടെ പ്രതിനിധികൾ അംഗങ്ങളായും ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ കോ- ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും എല്ലാ മാസവും പ്രവൃത്തി അവലോകനം നടത്തുകയും ചെയ്യുന്നു. |
| (സി) | റോഡുകൾ കുഴിക്കാതെ റോഡുകളോട് ചേർന്ന് പ്രത്യേക ഡക്ടുകൾ ഉണ്ടാക്കി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പുകൾ സ്ഥാപിക്കുവാൻ ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകുമോ? | (സി) | പുതിയ ബി.എം & ബി.സി റോഡുകളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സ്ഥല ലഭ്യത അനുസരിച്ചും വിവിധ വകുപ്പുകൾ/ കമ്പനികൾ എന്നിവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി റോഡുകൾക്ക് കുറുകെയും സമാന്തരമായും ഡക്റ്റുകൾ, ഡ്രൈനേജ് ലൈനുകൾ എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രത്യേക ഡക്റ്റുകൾ ഉണ്ടാക്കി പൈപ്പുകൾ സ്ഥാപിക്കുന്നതിന് ജലവിഭവ വകുപ്പിന് പ്രത്യേക നിർദ്ദേശം നൽകുന്ന കാര്യം പരിശാധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ